**പതിനാലാം കേരള നിയമസഭ**

**<u>പതിനൊന്നാം സമ്മേളനം</u>**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3468 — 20.06.2018-ൽ മറുപടിനൽകേണ്ടത്

**<u>സംസ്ഥാന പോലീസിലെ നോഡൽ ഓഫീസർമാരുടെ പ്രവർത്തനം</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | | |
|---|---|---|
| എ) | സംസ്ഥാന പോലീസിലെ ജീവനക്കാർക്ക് കമ്പ്യൂട്ടർ ട്രെയിനിംഗിനായും ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രൊസസ്സിംഗ് സിസ്റ്റത്തിന്റെ നോഡൽ ഓഫീസർമാരായും ആരെയാണ് നിയമിച്ചിട്ടുള്ളത്; ഇവരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണ്; ഇവരുടെ അടിസ്ഥാന യോഗ്യതയും സാങ്കേതിക യോഗ്യതയും എന്തെല്ലാമാണ്; ഇവർക്ക് ഈ വിഷയത്തിൽ മുൻപരിചയം ഉണ്ടോ;വിശദവിവരം നൽകാമോ; | വിവരം ശേഖരിച്ച വരുന്നു |
| ബി) | നോഡൽ ഓഫീസർമാർ അവരുടെ ശമ്പളത്തോടൊപ്പം ട്രെയിനിംഗ് ഹോണറേറിയം/വേതനം കൈപ്പറ്റിയിട്ടുള്ളത് ഇരട്ട വേതനമാണെന്നതിനാൽ അധികമായി കൈപ്പറ്റിയ തുക തിരികെ പിടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; | |
| സി) | ഇവർ സംസ്ഥാനത്തെ പല സ്ഥലങ്ങളിലായി സ്ഥലംമാറ്റം ലഭിച്ചപ്പോഴും മൂന്ന് മാസത്തിൽ കൂടുതലായി തിരുവനന്തപുരത്തെ സിറ്റി എച്ച്.ആർ.എ.,സി.സി.എ. എന്നിവ കാലാവധി മുഴുവൻ കൈപ്പറ്റിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു; | |
| ഡി) | നോഡൽ ഓഫീസറായി നിയമിക്കപ്പെട്ട ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉള്ള ഉദ്യോഗസ്ഥന് പി.എച്ച്.ക്യൂ ഓഫീസ് ഓഡർ നമ്പർ:213/16 തീയതി 1.10.2016 പ്രകാരം താഴെ തസ്തികയായ | |

| | | |
|---|---|---|
| | ഐ.എസ്.എ.യുടെ ചുമതല നൽകിയിട്ടുള്ളതും ഐ.എസ്.എ.തസ്തികയിലുള്ള ആൾക്ക് ജൂനിയർ സൂപ്രണ്ടിന്റെ അധിക ചുമതല വച്ചു മാറിയതും നിയമവിരുദ്ധമായിട്ടാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉയർന്ന തസ്തികയിൽ ജോലി നോക്കുന്നവർ താഴ്ന്ന തസ്തികയിലെ ജോലി നിർവ്വഹിച്ച് ശമ്പളം കൈപ്പറ്റുന്ന ചട്ടവിരുദ്ധമായ നടപടികൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിയ്ക്കുമോ; | വിവരം ശേഖരിച്ച് വരുന്നു |
| ഇ) | നോഡൽ ഓഫീസർമാരായ ഇവർ സൂപ്പർ വൈസറി തസ്തികകളിലേയ്ക്ക് സ്ഥാന ക്കയറ്റം ലഭിയ്ക്കുമ്പോഴും ട്രെയിനിംഗിനും ഇന്റേണൽഅഡ്മിനിസ്ട്രേറ്റീവ്പ്രൊസസ്സിംഗ് സിസ്റ്റത്തിന്റെ മേൽനോട്ടത്തിനും പോകുന്നത് ഓഫീസ് പ്രവർത്തനങ്ങളിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ പകരം മതിയായ സാങ്കേതിക യോഗ്യതയുള്ള വരെ കണ്ടെത്തി പുതിയ നോഡൽ ഓഫീസർമാരെ നിയമിക്കുമോ; ഇതോടനു ബന്ധിച്ച് വെർച്ച്വൽ ഐ.ടി. കേഡർ രൂപീകരിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**